പൈതൃകവിമർശം
സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
(വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നത്)

പത്രാധിപസമിതി

ഡോ. ജി. സജിന (സ്കൂൾ ഡയറക്ടർ)
ഡോ. കെ. എം. ഭരതൻ
ഡോ. സുനീത ടി. വി.
ഡോ. കെ. വി. ശശി

ലക്കം പത്രാധിപർ
ഡോ. കെ. എം. ഭരതൻ

പൈതൃകവിമർശം
സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
ലക്കം പത്രാധിപർ: ഡോ. കെ. എം. ഭരതൻ
പ്രസാധകൻ: രജിസ്ട്രാർ ഇൻ - ചാർജ്

© തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരള - 676 502
വില : 200
പ്രസിദ്ധീകരിച്ച വർഷം : 2022
അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ - ഓപ്പറേറ്റീവ് സ്റ്റോർ
കവർ ഡിസൈനർ : ലിജീഷ് എം. ടി.
രൂപകല്പന : ബീന കെ. പി.
പ്രസാധനം :
സംസ്കാരപൈതൃകപഠനസ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഇ - മെയിൽ : paithrukavimarsam@gmail.com

Critique of Heritage
School of Cultural Heritage Studies Journal
Issue Editor: Dr. K. M. Bharathan
Publisher: Registrar in-charge

© Thunchath Ezhuthachan Malayalam University
Aksharam Campus, Vakkad P.O., Tirur,
Malappuram Dist., Kerala - 676 502
Price Rs.200
Published on: 2023
Printed at : The Calicut University
Central Co-operative Stores Ltd
Cover designed by : Lijeesh M. T.
Layout : Beena K. P.
Published by :
School of Cultural Heritage Studies
Thunchath Ezhuthachan Malayalam University
e-mail : paithrukavimarsam@gmail.com

പൈതൃകവിമർശം
സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
വാല്യം 4 ● ലക്കം 1 ● ഏപ്രിൽ 2022
മീനം 1197

# നിറം
# Colour

ലക്കം എഡിറ്റർ / Issue Editor
പ്രൊഫ. കെ.എം. ഭരതൻ

പൈതൃകപഠനഫാക്കൽറ്റി
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

■ ഡോ. എം. ശ്രീനാഥൻ

# നിറബോധം മലയാളത്തിൽ

***സംഗ്രഹം:*** *കാഴ്ചയുടെ അനുഭവ സംവർഗ*
*മായാണ് നിറത്തെ പൊതുവിൽ മനസിലാക്കുന്നത്.*
*നിറം എന്താണെന്നും എങ്ങനെയാണത് ഇന്ദ്രിയാ*
*നുഭവമാകുന്നതെന്നും നിറത്തെക്കുറിച്ച് മനുഷ്യർ*
*സംസാരിക്കുന്നതെങ്ങനെയെന്നും അന്വേഷിച്ച*
*റിയാൻ പാശ്ചാത്യർക്കിടയിൽ ഗ്രീക്ക് തത്വചിന്താ*
*കാലം മുതലേ ശ്രമങ്ങളുണ്ടായിട്ടുണ്ട്. വ്യക്തിഗ*
*താനുഭവം സാമൂഹികാനുഭവം എന്ന് രണ്ടു തര*
*ത്തിൽ വേർതിരിച്ചുള്ള പഠനക്രമങ്ങൾ ഇതിനകം*
*വികസിച്ചിട്ടുണ്ട്. ചില ശാസ്ത്രശാഖകൾ പ്രകാശ*
*കണികകളുടെ സഞ്ചാരവുമായി ബന്ധപ്പെടുത്തു*
*മ്പോൾ മറ്റുചിലത് കണ്ണിന്റെ ആന്തരഘടനയും*
*മസ്തിഷ്കവുമായും ബന്ധപ്പെടുത്തി വ്യക്തിഗത*
*ഇന്ദ്രിയാനുഭവമാക്കി കാണുന്നു. നിറത്തെ*
*സാമൂഹികാനുഭവമായി മാനസിലാക്കണമെന്നു*
*സാമൂഹിക ശാസ്ത്ര മേഖലകൾ വാദിക്കുന്നു*
*വെങ്കിലും ഇന്ദ്രിയാനുഭ വവും നിറ ധാരണകളും*
*പ്രതിനിധാനവും തമ്മിൽ കൂട്ടിയിണക്കി വിവ*
*രിക്കാൻ നരവംശശാസ്ത്രം ഉൾപ്പടെയുള്ളവ*
*രീതിശാസ്ത്ര വിടവു അനുഭവിക്കുന്നുണ്ട്. ഈ*
*സന്ദർഭത്തിലാണ് ഭാഷാശാസ്ത്രം നിറപഠന*
*ങ്ങളിൽ നിർണായകമാകുന്നത്. ഭാഷയിലെ നിറ*
*പ്രതിനിധാനങ്ങളെ അപഗ്രഥിച്ചു ഭാഷാസമൂഹ*
*ത്തിന്റെ നിറാനുഭവം വസ്തുനിഷ്ഠമായി വിശദീക*
*രിക്കാനാവുന്ന രീതിശാസ്ത്രമികവ് ഭാഷാ*
*ശാസ്ത്രത്തിനുള്ളതുകൊണ്ടാണ് ഇത് സാധ്യമാ*
*കുന്നത്. ഭാഷയുമായി ബന്ധപ്പെട്ടുള്ള പ്രമുഖ*
*നിറപഠനങ്ങളുടെ പശ്ചാത്തലത്തിൽ മലയാള ഭാഷ*
*ഉൾക്കൊണ്ടിരിക്കുന്ന അടിസ്ഥാന നിറാനുഭവവും*
*പ്രതിനിധാനവും പരിശോധിച്ചറിയാനും അവയുടെ*
*പാരിസ്ഥിതിക, സാമൂഹിക സാംസ്കാരിക വൈകാ*
*രിക, ശാരീരിക സവിശേഷതകൾ കണ്ടെത്തി മലയാ*
*ളത്തിൽ നിറത്തിന്റെ ഭാഷാനിർമിതി എന്തെന്ന്*
*വിശദീകരിക്കാനുമാണ് ഈ പഠനം ലക്ഷ്യം*
*വയ്ക്കുന്നത് .*

***താക്കോൽ വാക്കുകൾ:*** *സപീർ-വോർഫ് പരിക*
*ല്പനം, ഭാഷീയനിർണയവാദം, ഭാഷീയാപേ*
*ക്ഷികത, ലോകവീക്ഷണം, അടിസ്ഥാന നിറങ്ങൾ.*
*ബർലിൻ-കെയ് മാതൃക, Va, Vh*

## നിറവും ഭാഷയും

നിറം എന്താണ്? ഇന്ദ്രിയജ്ഞാനമാണ്, ധാരണയാണ് എന്നൊക്കെ
പറയാമെങ്കിലും മനുഷ്യർ എങ്ങനെയാണു നിറത്തെ കാണുന്നതും ഭിന്നമായി
മനസിലാക്കുന്നതും സംജ്ഞകൾ നിർമിക്കുന്നതും. ഇത് സാർവഭാഷിക
മാണോ എല്ലാഭാഷാജനതക്കും സമാനധാരണകളാണോ നിറത്തെ കുറി
ച്ചുള്ളത് എന്നിങ്ങനെയുള്ള അന്വേഷണങ്ങൾ ഊർജ്ജതന്ത്രം, രസതന്ത്രം,
ശരീരശാസ്ത്രം, മനശ്ശാസ്ത്രം, നരവംശശാസ്ത്രം, ഭാഷാശാസ്ത്രം തുടങ്ങി
ഒട്ടേറെ മേഖലകളുടെ ഗവേഷണ വിഷയമാണ്. നിറം ദൃശ്യ പ്രതിഭാസമാ
ണെങ്കിലും അതുമാത്രമായല്ല മനുഷ്യർ നിറത്തെ ഉൾക്കൊള്ളുന്നത്. അത്
അവരുടെ ഭൗതിക, ധൈഷണിക, വൈകാരിക അനുഭവലോകവുമായി
ഇഴയടുപ്പം പുലർത്തുന്നു. ഗ്രീക്കുജനതക്കിടയിലും നിറബോധമുണ്ടായിരുന്നു.
നിറം, സംഗീതം, സൗരയൂഥം, ആഴ്ചയിലെ ദിവസങ്ങൾ എന്നിവ തമ്മിലുള്ള
ബന്ധം തത്വചിന്താപരമായി ആരായുന്ന ശ്രമങ്ങളായിരുന്നു ആദ്യകാലങ്ങളിൽ
ഏറെയും. അരിസ്റ്റോട്ടിൽ കറുപ്പ്, വെളുപ്പ്, ചുവപ്പ് മഞ്ഞ, പച്ച, നീല, വൈലറ്റ്
നിറങ്ങൾ തിരിച്ചറിഞ്ഞിരുന്നു. 1600-ൽ സർ ഐസക് ന്യൂട്ടൺ ഏഴു നിറങ്ങൾ
മഴവില്ലിൽ കണ്ടെത്തിയിരുന്നു. പ്രകാശത്തിന്റെ ഗുണമായാണ് നിറത്തെ
ന്യൂട്ടൺ മനസിലാക്കിയത്. വസ്തുക്കൾ പ്രകാശത്തെ വ്യത്യസ്ത തരംഗദൈർ
ഘ്യത്തിൽ പ്രതിഫലിപ്പിക്കുന്നു. കാഴ്ചയിലൂടെ മസ്തിഷ്കം ഇതിനെ ഭിന്ന
നിറങ്ങളായി മനസിലാക്കുന്നു. ആത്മനിഷ്ഠമായ ഇന്ദ്രിയാനുഭവമായാണ്
മനസിലാക്കിയതെന്നു ചുരുക്കം. 19-ാം നൂറ്റാണ്ടുവരെ നിറവും ഭാഷയുമായി
ബന്ധപ്പെട്ട സവിശേഷമായ നിറപഠനങ്ങൾ പാശ്ചാത്യർക്കിടയിൽ പ്രചാരം
നേടിയിരുന്നില്ല. അക്കാലത്തെ സാഹിത്യഭാഷയിൽ നിറപ്രതിനിധാനങ്ങളെ
ക്കുറിച്ചുള്ള ആലോചനകളുണ്ടായിട്ടുണ്ട്. ഗ്ലാഡ്സ്റ്റോൺ 1858 ൽ ഹോമറുടെ
കവിതകളിലെ നിറഭേദങ്ങളെ കുറിച്ചന്വേഷിച്ചതായി കാണാം. എങ്കിലും
1960-കൾ മുതലാണ് സവിശേഷമായ നിറപഠനങ്ങൾ വ്യാപകമായത്.
ഇതിനുകാരണം ആധുനിക ഭാഷാശാസ്ത്രവും നരവംശപഠനങ്ങളുമാണ്.

ഇതിന് അടിസ്ഥാനമായത് സപീറിന്റെ ആശയലോകമാണ്.
ഭാഷയെയും സംസ്കാരത്തെയും ഒന്നിച്ചല്ലാതെ വേർതിരിച്ചു പഠിക്കാനാവില്ല
എന്നും മനുഷ്യന്റെ ചിന്തയെ ഭാഷ സ്വാധീനിക്കുന്നുവെന്നും (1921) ഭാഷയും
മനുഷ്യന്റെ ലോകവീക്ഷണവും തമ്മിലുള്ള ബന്ധം ആദ്യമായി വിശദീകരി
ച്ചതും (1929) എഡ്വേഡ് സപീർ എന്ന അമേരിക്കൻ നരവംശ ഭാഷാശാസ്ത്ര
ജ്ഞനാണ്. സപീറിന്റെ ആശയങ്ങളെ ശിഷ്യനായ വോർഫ് വികസിപ്പിച്ചു
1940കളിൽ അവതരിപ്പിച്ച പരികല്പനമാണ് സപീർ-വോർഫ് പരികല്പനം
(Sapir-whorf hypothesis) എന്നപേരിൽ പ്രസിദ്ധമായത്. ഈ വാദത്തിൽ രണ്ടു
ആശയങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഭാഷ ലോകവീക്ഷണത്തെ സ്വാധീനിക്കു
ന്നുവെന്ന ഭാഷീയനിർണയവാദവും (linguistic determinism) പ്രത്യക്ഷവും
സംകോഡിതവുമായ ഭാഷയിലെ ആഭ്യന്തര വ്യത്യാസങ്ങൾ തനതു സവിശേ
ഷതയാണെന്ന ഭാഷീയാപേക്ഷികതയും (linguistic relativity) ആണിവ. ഉദാഹ
രണമായി മഴവില്ലിലെ വർണരാജി ഇംഗ്ലീഷിൽ ഏഴുനിറങ്ങളാണ്. സമാനമായ
പേരുകൾ മലയാളത്തിനില്ല. ഓരോ ഭാഷയിലെയും അർത്ഥമണ്ഡലങ്ങളിലെ
ഇനങ്ങളുടെ എണ്ണവും ഓരോ ഇനത്തിന്റെയും പ്രസക്തിയും പ്രതിഭാഷാ ഭിന്ന
മാണ്. ഗ്രീക്ക് തത്വചിന്തയിലൂടെ പ്രചാരത്തിൽ വന്ന ഭാഷാസാർവലൗകിക
വാദത്തിനു വിരുദ്ധമായിട്ടാണ് സപീർ വോർഫ് പരികല്പനയിലൂടെ ഭാഷയും
ലോകവീക്ഷണവും ഭാഷാപേക്ഷികതയിലൂടെ അവതരിപ്പിക്കപ്പെട്ടത്. ഈ
ആശയത്തിനു പ്രാധാന്യം കൈവരുകയും ഭാഷകൾ വ്യത്യസ്തമായിട്ടാണ്
നിറ ജ്ഞാനം ഉൾക്കൊണ്ടിരിക്കുന്നത് എന്നതിന് പല ഉദാഹരണങ്ങളും
നരവംശ ഭാഷാശാസ്ത്രത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെടുകയും ചെയ്തു.
നിറത്തെ മനസ്സിലാക്കുന്നതിൽ സംസ്കാരഭിന്നതയുണ്ടെന്നും അതാണ്
ഭാഷകളിൽ നിറസംജ്ഞകളുടെ എണ്ണത്തിൽ കാണുന്ന വ്യത്യാസമെന്നും
ഉറപ്പിച്ചു. ഈ ഘട്ടത്തിലാണ് 1960-കളിൽ കാലിഫോർണിയ സർവകലാശാല
യിലെ നരവംശ ഭാഷാശാസ്ത്രജ്ഞരായ ബ്രെന്റ് ബെർലിൻ, പാൾ കെയ്
എന്നിവർ നിറ പഠനം ആരംഭിച്ചത്. ഭാഷകൾ നിറയിടങ്ങളെ തനതായി വിഭജി
ക്കുകയും അതനുസരിച്ചു നിറമുള്ള വസ്തുക്കളെ ആ ഭാഷകൾ പ്രതിനിധാനം
ചെയ്യുന്നതെങ്ങനെയാണ് സാധ്യമാകുന്നതെന്നു പരിശോധിച്ചറിയാനാണ്
അവർ ശ്രമിച്ചത്. ഭിന്നഭാഷകളിൽ നിന്നും ശേഖരിച്ച നിറ സംജ്ഞകളെ
താരതമ്യം ചെയ്തുള്ള പഠനരീതിയായിരുന്നു അവർ അവലംബിച്ചത്. 1969-ൽ
അവർ പ്രസിദ്ധീകരിച്ച Basic colour terms : Their universality and evolution എന്ന
ഗ്രന്ഥം നിറപഠനങ്ങൾക്ക് അക്കാദമികവും ശാസ്ത്രീയവുമായ ദിശാബോധം
നൽകി. തുടർന്ന് മിഷനറിമാരുടെ സഹായത്തോടെ 110 ഗോത്രഭാഷ
കളിലുൾപ്പടെയുള്ള 330 നിറസംജ്ഞകൾ ഉൾപ്പെടുത്തി The world colour sur-
vey പ്രസിദ്ധീകരിച്ചു. അടിസ്ഥാനപരമായും അക്കാലത്തു പ്രബലമായിരുന്ന
ഭാഷാപേക്ഷികതാവാദവുമായാണ് പഠനം ആരംഭിച്ചതെങ്കിലും ഭിന്ന ഭാഷ
കളിൽ നിന്നുള്ള നിറസംജ്ഞകളെ വിശകലനം ചെയ്തപ്പോൾ ആർത്ഥികമായ
സാർവലൗകികങ്ങൾ (semantic universals) നിറങ്ങളുടെ കാര്യത്തിൽ നില
നിൽക്കുന്നുവെന്ന നിഗമനത്തിലെത്തി. കൂടാതെ, നിറബോധം പരിണാമ



വിധേയമാണെന്നും സ്ഥാപിച്ചു.

നിറ സംജ്ഞകളുടെ അടിസ്ഥാനത്തിൽ സാർവഭാഷികമായി 11 അടിസ്ഥാന
നിറങ്ങൾ ഉണ്ടെന്നും അവയുടെ എണ്ണം പ്രതിഭാഷാ ഭിന്നമാകാമെന്നും
നിറാനുഭവം ഭാഷയിൽ സംകോഡനം ചെയ്യുന്നതിന് നിശ്ചിത ക്രമമുണ്ടെന്നും
ഇവർ വാദിച്ചു. പരിണാമപരമായി 7 ഘട്ടങ്ങളിലായി ഭാഷകളിലെ നിറാറിവ്
സംകോഡനം ചെയ്തിരിക്കുന്നത് ഓരോ ഭാഷകളുടെയും നിറ ജ്ഞാനത്തിന്റെ
പരിണാമം വ്യക്തമാക്കുന്നു. അവർ അവതരിപ്പിച്ച നിറ പരിണാമ മാതൃക
കാണാം.

| I | II | III | IV | V | VI | VII |
|---|---|---|---|---|---|---|
| വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് |
| കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് |
| | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് |
| | | മഞ്ഞ | മഞ്ഞ | മഞ്ഞ | മഞ്ഞ | മഞ്ഞ |
| | | പച്ച | പച്ച | പച്ച | പച്ച | പച്ച |
| | | | | നീല | നീല | നീല |
| | | | | ബ്രൗൺ | ബ്രൗൺ | ബ്രൗൺ |
| | | | | | | ഗ്രേ |
| | | | | | | ഓറഞ്ച് |
| | | | | | | പിങ്ക് |

അടിസ്ഥാന നിറങ്ങൾ ഏക കോശിമങ്ങളാണ്. അവ അർത്ഥപരമായി
സ്വതന്ത്രരൂപങ്ങളാണ്. എല്ലാഭാഷകളിലും ഇംഗ്ലീഷ്, ജർമൻ ഭാഷകളിൽ
കാണുന്നതുപോലെ 11 നിറസംജ്ഞകൾ ഉണ്ടാകണമെന്നില്ല. രണ്ടു നിറം
മാത്രമുള്ള ഭാഷകളുമുണ്ട്. സ്ലാവിക് ഭാഷകളിൽ 12 എണ്ണം തിരിച്ചറിഞ്ഞിട്ടുണ്ട്.
ഇളംനീലം കടുംനീലം എന്നിവക്ക് പ്രത്യേക വാക്കുകളുണ്ട്. മേല്പറഞ്ഞ
ഓരോ ഘട്ടവും പ്രതിനിധാനം ചെയ്യുന്ന പല ഭാഷകളുമുണ്ട്. നിരയായുള്ള
നിറനിർമിതിക്രമം ഭാഷയിൽ കാണാമെന്നതും അവ പരിണാമക്രമമാണ്
കാണിക്കുന്നതെന്നതും ബെർലിൻ-കെയ് മാതൃകയെ നിറ സംജ്ഞാപഠന
ത്തിൽ ഇന്നും സവിശേഷമായി പരിഗണിക്കുന്നതിന് കാരണമാണ്.

ഭാഷയിലെ നിറസംജ്ഞകൾ അമൂർത്തമാണെന്ന വാദം ബെർലിൻ-
കെയ് പഠനത്തിൽ വ്യക്തമാണ്. നിറപഠനത്തെ പരിഷ്കൃതിയുടെ പരിണാമ
ഘട്ടങ്ങളായി വിവരിച്ചുവെന്നതിനോടൊപ്പം ഭാഷയിലെ നിറ സംജ്ഞകൾ
നിറങ്ങളുമായി ബന്ധപ്പെട്ട ഇന്ദ്രിയജ്ഞാനത്തെ നിയന്ത്രിക്കുന്നുവെന്ന സപീർ
വോർഫ് പരികല്പനയെ പുതുക്കിപ്പണിതുവെന്ന പ്രാധാന്യവും ബെർലിൻ-
കെയ് മാതൃകയ്ക്ക് അവകാശപ്പെടാമെങ്കിലും തുടർപഠനങ്ങൾ ഒട്ടേറെ
വിമർശങ്ങളുയർത്തിയിട്ടുണ്ട്. പൊതുവിൽ പിൽക്കാല പഠനങ്ങളിലധികവും
ഇവരുടെ മാതൃകയെ സ്ഥാപിക്കുന്നുണ്ടെങ്കിലും, ഇവർ അവതരിപ്പിച്ച മാതൃകാ
ക്രമം തെറ്റെന്നും, സാർവഭാഷികവാദം തെറ്റെന്നും സ്ഥാപിക്കുന്ന ചില പഠന

ങ്ങളുണ്ടായി. നിറം എന്ന സങ്കല്പമേ ഇല്ലാത്ത ഭാഷകളുണ്ടെന്നും അതുകൊണ്ടു നിറസങ്കല്പനം സാർവ ഭാഷികമല്ലെന്നും ചില ഭാഷകളിൽ ഗ്രേ നിറത്തിനു പദമുണ്ടെങ്കിലും നീലക്കില്ലെന്നും ഒന്നാം ഘട്ടമായി പറയുന്ന കറുപ്പ് വെളുപ്പ് എന്ന നിറദ്വന്ദ്വത്തിനുപകരം കടുംപച്ചയും നീലയും ചേർന്ന നിറം കറുപ്പിന്റെ സ്ഥാനത്തും കടുംചുവപ്പും ഇളംപിങ്കും ചേർന്നത് വെളുപ്പിന്റെ സ്ഥാനത്തും, പച്ചക്കുമുമ്പ് നീല തിരിച്ചറിഞ്ഞ ഭാഷയുണ്ടെന്നും റഷ്യനിൽ പർപ്പിളിനു വാക്കില്ലെന്നും എന്നാൽ നീലയ്ക്ക് രണ്ടു വാക്കുകൾ ഉണ്ടെന്നും ഒക്കെയുള്ള വിമർശങ്ങളുണ്ടായിട്ടുണ്ട്. ഗ്രു എന്ന വാക്ക് പച്ചയും നീലയും ഉൾക്കൊള്ളുന്നതാണ്. ചിലഭാഷകളിൽ ഇരുനിറങ്ങൾക്കും സമാനമായ പദമാണ് ഉപയോഗിക്കുന്നുവെന്നതുകൊണ്ട് മേൽപറഞ്ഞ മാതൃക പരിഷ്കരിക്കേണ്ടതാണ് എന്ന വാദം ഉയർന്നു. കൂടാതെ പ്രാഥമിക നിറങ്ങളോടൊപ്പം മിശ്രനിറങ്ങളും ഒരേനിറത്തിൽനിന്നും രൂപപ്പെടുന്ന പുതുനിറങ്ങളും ഉൾപ്പെടുത്തി ബെർളിൻ-കെയ് മാതൃക പരിഷ്കരിക്കാനുള്ള ശ്രമങ്ങളുണ്ടായി. അതിന്റെ ഫലമായി പരിഷ്കരിച്ച മാതൃകയും അവതരിപ്പിക്കപ്പെട്ടു (Modified evolutionary sequence of basic colour categories (based upon Witkowski & Brown 1977:)

| I | II | III | IV | V | VI | VII |
|---|---|---|---|---|---|---|
| മാക്രോ | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് | വെളുപ്പ് |
| വെളുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് | കറുപ്പ് |
| | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് | ചുവപ്പ് |
| | | മഞ്ഞ | മഞ്ഞ | മഞ്ഞ | മഞ്ഞ | മഞ്ഞ |
| | | പച്ച | പച്ച | പച്ച | പച്ച | പച്ച |
| | | | | നീല | നീല | നീല |
| | | | | ബ്രൗൺ | ബ്രൗൺ | ബ്രൗൺ |
| | | | | | | ഗ്രേ |
| | | | | | | ഓറഞ്ച് |
| | | | | | | പിങ്ക് |

മലയാളത്തിലെ നിറപദാവലികൾ പരിശോധിച്ചാൽ അവ വിവിധ പദവർഗങ്ങളിൽപ്പെടുന്ന പദങ്ങളടങ്ങുന്നതാണെന്ന് മനസിലാക്കാം. അധികവും വിശേഷണ രൂപങ്ങളായാണ് സാന്നിധ്യമറിയിക്കുന്നതെങ്കിലും ഒപ്പം നാമരൂപങ്ങളും ക്രിയാരൂപങ്ങളും നിറ പദാവലികളെ സമ്പന്നമാക്കുന്നുണ്ട്. സചേതനവും അചേതനവുമായ പ്രകൃതിവസ്തുക്കൾ, ശരീരഭാഗം, രോഗം, വൈകാരികാവസ്ഥകൾ, സൗന്ദര്യബോധം, വർഗബോധം, ഹൈന്ദവമതം എന്നിങ്ങനെയുള്ള വിവിധ മേഖലകളുമായി മലയാളിയുടെ നിറസങ്കല്പങ്ങൾ കെട്ടുപിണഞ്ഞുകിടക്കുന്നതായി കാണാം. കറുപ്പ്, വെളുപ്പ്, ചുവപ്പ്, പച്ച, മഞ്ഞ, നീല എന്നിങ്ങനെ ആറ് അടിസ്ഥാന നിറങ്ങളാണ് മലയാളം ഉൾക്കൊണ്ടിരിക്കുന്നത്. ദ്രാവിഡ നിറസങ്കല്പങ്ങളുടെ ധാര തന്നെയാണിതെന്ന് വ്യക്തമാണ്. സംസ്കൃത സമ്പർക്കം അടിസ്ഥാന നിറങ്ങളുടെ തനതുബോധത്തെ ഒഴിവാ



ക്കാതെ ഉൾക്കൊള്ളുന്നതായാണ് പദാവലിയിൽ തെളിയുന്നത്. മലയാള ഭാഷ ഉൾക്കൊണ്ടിരിക്കുന്ന നിറബോധത്തെ തെളിച്ചെടുക്കാനായി പദാവലി പരിശോധന തുടർന്ന് നടത്തുകയാണ്. നിറങ്ങളുമായി ബന്ധപ്പെട്ട പ്രത്യേകിച്ചും സാഹിത്യഭാഷയിലെ ആലങ്കാരിക പദാവലികളുൾപ്പടെ ഭാഷയിലെ എല്ലാ വ്യവഹാരരൂപങ്ങളിലെയും മാതൃകകൾ പരിശോധിക്കുക എളുപ്പമല്ല എന്നാൽ പ്രതിനിധാനത്തിന്റെ പൊതുസ്വഭാവം മനസ്സിലാക്കിയുള്ള അടിസ്ഥാന മാതൃകാ പരിശോധനക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്.

**നിറം - കറുപ്പ്**

1. സചേതന വസ്തുക്കൾ

1.1.ക.സസ്യങ്ങൾ

കറുത്ത പായിപ്പയർ (നാ.വി ) കറുത്ത പെരുംപയർ, കറുത്ത പാറം (നാ.വി) കറുത്ത നെല്ലിനം

കറുപ്പ്-(നാ.)ലഹരിയുള്ള ഒരു ഔഷധം, ഓപ്പിയം,കരിനെന്മ,കരിങ്കുറുവ (നെല്ല്), കരിഞ്ചുര (അരി)

1.2.ഖ, ജന്തുക്കൾ

കരി (ആന), കരിങ്കുരങ്ങ്, കരിഞ്ചാത്തി (പാമ്പ് )

2.അചേതന വസ്തുക്കൾ

2.1 ക.പ്രകൃതി വസ്തുക്കൾ

കറുക്കൻ (വി.) മായം ചേർന്ന(കറുക്കുന്ന) ലോഹം (കറുക്കൻ വെള്ളി), കറുത്തീയം (നാ.വി) കറുത്ത ഈയം, കാരീയം, കറുത്തുപ്പ് (നാ.വി) കറുത്ത ഉപ്പ്, കാരുപ്പ്, കരിങ്കല്ല്

2.1 ഖ. പ്രകൃതി പ്രതിഭാസങ്ങൾ

കറുത്ത പക്ഷം (നാ.വി) വെളുത്തവാവു കഴിഞ്ഞു കറുത്തവാവ് വരെയുള്ള 14 ദിവസം

കറുത്തവാവ്-അമാവാസി, രാത്രി, ഇരുട്ട്, കാർമേഘം, കരിമുകിൽ

3. ശരീരഭാഗം

കറുപ്പൻ/കറുമ്പൻ-(നാ) കറുത്ത തൊലി (കറുത്ത നിറം) ഉള്ളവൻ

കറുമ്പി (നാ) കറുത്ത തൊലി (കറുത്ത നിറം) ഉള്ളവൾ

കറുത്ത മുടി (നാ.വി) കരിം കുഴലി, കരിങ്കണ്ണ്, കരിമിഴി, കറുത്ത മറുക്, ഉണ്ണി, കരിനാക്ക്

4. രോഗം

കറുത്ത അണലി (നാ.വി ) ഒരുതരം വസൂരി

5 വൈകാരികാവസ്ഥകൾ/ഗുണസൂചകം

കറുത്തഭാവം-കോപം, മുഷിഞ്ഞ ഭാവം, മാനസിക പിരിമുറുക്കം ...

ദുരിതം, ക്ഷീണം, ദുഃഖം, കോപം എന്നീ അവസ്ഥകളെ കറുപ്പുമായി ബന്ധപ്പെടുത്താറുണ്ട്. കറുപ്പ് മരണവുമായും, പ്രതിഷേധവുമായും ചേർത്തുവയ്ക്കുന്നു

6 സൗന്ദര്യബോധം

കരിം കുഴലി, കറുപ്പിന് ഏഴഴക് , എണ്ണക്കറുപ്പ്, കറുപ്പ് അശുദ്ധിയുമാണ്.

7 വർഗബോധം

കറുപ്പൻ-കറുമ്പൻ (നാ) കറുത്തതൊലി (കറുത്ത നിറം ) ഉള്ളവൻ, കറുമ്പി (നാ ) കറുത്ത തൊലി (കറുത്തനിറം ) ഉള്ളവൾ, കരുവാൻ. ദ്രാവിഡർ കറുത്തവരാണെന്ന പൊതുവിശ്വാസം ആര്യദ്രാവിഡ സംഘർഷത്തിൽ തെളിഞ്ഞുകാണാം

8 ഹൈന്ദവ മതം

കറുപ്പുസ്വാമി -ശാസ്താവിന്റെ ഒരു പരിവാരമൂർത്തി (ദ്രാവിഡ വ്യക്തിനാമം), ദുർദേവതാ സങ്കൽപം.

കറു ഒരു ദ്രാവിഡ ധാതുവാണ്. ഇരുളുക, കറുക്കുക എന്ന ധാതു അർത്ഥമാണ് മലയാളത്തിൽ ഈ ധാതു വിനിമയം ചെയ്യുന്നത്. കറു ധാതു കരി, കരിം, കരു എന്നിങ്ങനെ രൂപഭേദത്തിലും കറുപ്പിനെ സൂചിപ്പിക്കുന്നു. ഈ ധാതുവിൽനിന്ന് രൂപംകൊണ്ട കറുപ്പ് (കറുത്തനിറം ), ക്രിയ (കറുക്കുക, കറുകറുക്കുക), ക്രിയാവിശേഷണം (കറുകറേ, കറുക്കനേ-ഏറ്റവും കറുത്ത്, അധികം കോപത്തോടുകൂടി), നാമവിശേഷണം (കറുത്ത) എന്നിങ്ങനെ ഭിന്ന പദവർഗങ്ങൾ മലയാളത്തിലുണ്ട്. മലയാളത്തിലെ പദരൂപീകരണ പ്രക്രിയകളൊക്കെ ഈ ധാതുവടിസ്ഥാനമാക്കിയുള്ള പദങ്ങളിൽ കാണാം. പ്രത്യയം ചേർത്തുള്ള രൂപങ്ങളും (കറുപ്പൻ, കറുമ്പി) സമസ്തപദങ്ങളും, ദ്വിഗുണീകൃത രൂപങ്ങളും (കറുകറുപ്പ്, കറുകറുക്കുക) കാണുന്നു. കറുപ്പിന് കളങ്കം, കറ, മായം എന്നിങ്ങനെയുള്ള ഗുണാർത്ഥം പ്രത്യയശാസ്ത്ര ധർമം നിർവഹിക്കുന്നതോടെ കോപം, ഇരുട്ട് എന്നിവയെല്ലാം സാമൂഹ്യാർത്ഥം കൈവരിച്ചു അശുദ്ധിയുടെ നിറമായി കറുപ്പിനെ ഉറപ്പിക്കുന്നു.

**നിറം-വെളുപ്പ്**

1. സചേതന വസ്തുക്കൾ

1.1 .ക. സസ്യങ്ങൾ

വെളുത്തുള്ളി, വെള്ളുള്ളി, വെൾ വയമ്പ്-കൃഷിനാശിനിയായ ഒരു അങ്ങാടി മരുന്ന്, വെൾവേലം ഇരട്ടമുള്ളുള്ള മരം, വെള്ള കൂവ -വെളുത്തകൂവ, വെള്ളടക്ക -ഉണക്കപ്പാക്ക്, വെള്ളടമ്പ് - ഒരു മരുന്നുവള്ളി

വെള്ളമരം -തടിക്കു ഉറപ്പില്ലാത്ത മരം, വെള്ളില -വെളുത്ത ഇലയുള്ള ചെടി

1.2 .ഖ, ജന്തുക്കൾ

വെള്ളക്കാക്ക-വെളുത്തകാക്ക (ഇല്ലാത്ത വസ്തു-ഭാവന), വെള്ളച്ചാഴി-നെല്ല് നശിപ്പിക്കുന്ന ഒരുതരം കീടം, വെള്ളക്കുതിര-വെളുത്ത കുതിര,





വെള്ളാന-വെളുത്ത ആന, വെള്ളാട്-വെളുത്ത ആട്

2. അചേതന വസ്തുക്കൾ

2.1 ക .പ്രകൃതി വസ്തുക്കൾ

വെളുത്തീയം-വെളുത്ത ഈയം, വെള്ളീയം, വെള്ളക്കല്ല് വെളുത്തകല്ല്, വെള്ളാരക്കല്ല്-വെളുത്തപാറക്കല്ല്

വെള്ളി-വെളുത്ത ലോഹം, വെള്ളീയം-വെളുത്ത ഈയം

2.1ഖ. പ്രകൃതി പ്രതിഭാസങ്ങൾ

വെളുപ്പാങ്കാലം-പ്രഭാതം, വെളുത്തപക്ഷം-കറുത്തവാവുകഴിഞ്ഞു വെളുത്ത വാവു വരെയുള്ള 14 ദിവസം (ശുക്ലപക്ഷം), വെളുത്തവാവ്-പൂർണ ചന്ദ്രൻ ഉദിക്കുന്നനാൾ, പൗർണമി, വെള്ളക്കാൽ-അരുണോദയം

വെള്ളമാനം-വെളുത്തമാനം, വെള്ളകയറുക/വെള്ളകീറുക-സൂര്യ/ചന്ദ്ര ഉദയം, പകൽ, പ്രകാശം, വെളിച്ചം

3. ശരീരഭാഗം

വെള്ളക്കാരൻ/ക്കാരി/ക്കാർ -വെളുത്ത നിറമുള്ള മനുഷ്യർ/യൂറോപ്യന്മാർ, പല്ല് മുടി, ശുക്ലം, കഫം

4. രോഗം

വെളുത്ത അണലി-ഒരുതരം മസൂരി, വെളുത്തവ്യാധി-പാണ്ട്. ഒരുതരം കുഷ്ഠം, വെൾ ചിലന്തി ഒരുതരം മസൂരി, വെള്ളപോക്ക്. വെള്ളെഴുത്ത്-ദൂരക്കാഴ്ച

5 വൈകാരികാവസ്ഥകൾ/ഗുണസൂചകം

വെള്ളൻ-സത്യവാൻ, പേടി, ഉത്കണ്ഠ എന്നീ അവസ്ഥകളുമായി ബന്ധപ്പെട്ടു വിളറി വെളുക്കാറുണ്ട്

ശുദ്ധ സുചകമാണ് വെളുപ്പ്. വൈധവ്യവും വെളുപ്പ് സൂചിപ്പിക്കുന്നുണ്ട്

6 സൗന്ദര്യബോധം

ശുദ്ധമാണ് വെളുപ്പ്

7 വർഗബോധം

വെളുത്താടൻ-വെളുത്തേടൻ, വെളുപ്പിക്കുന്നവൻ-അലക്കുകാരൻ. ക്ഷുരകൻ, വെളുമ്പൻ, വെളുമ്പി

വെള്ളക്കാരൻ, വെള്ളാട്ടി-പതിച്ചി

8 ഹൈന്ദവ മതം

ഹൈന്ദവ ദൈവങ്ങളിൽ കറുത്തവരുണ്ടോ?.കൽവിഗ്രഹങ്ങൾ കറുപ്പാണെങ്കിലും അതൊക്കെ ചന്ദനം ചാർത്തി നിറം മാറ്റാറുണ്ട്. തന്നെയുമല്ല ചിത്രങ്ങളിലൊന്നും അവർ കറുത്തവരല്ല. ശ്രീകൃഷ്ണന്റെ നിറത്തിലുള്ള കറുപ്പും നീലയും തമ്മിലുള്ള സന്ദേഹം പൊതുവിൽ മലയാളത്തിൽ ഈ നിറങ്ങൾ തമ്മിൽ നിലനിൽക്കുന്നുണ്ട്. ഹിന്ദുമതക്കാർക്കിടയിൽ വിധവ വെളുപ്പണിയണം.

വെള്ളവീശുക/വെള്ളകീറുക യുദ്ധവിരാമസൂചകമായ വെളുത്ത കൊടി കാട്ടുക

വെള്ളക്കൊടി-സമാധാനസൂചകം

10 ആഹാര വസ്തുക്കൾ

വെള്ള അപ്പം, വെള്ളക്കരു-മുട്ടയുടെ വെളുത്ത ഭാഗം, വെള്ളച്ചോറ് -വെളുത്ത ചോറ്, പാൽപായസം , പാൽ

മലയാളത്തിൽ വെളുത്തനിറം, വെണ്മ, പ്രകാശം എന്നീ അർത്ഥമാണ് വെളുപ്പ് പ്രാഥമികമായി സൂചിപ്പിക്കുന്നത്. ക്രിയ (വെൾക്കുക, വെളുക്കുക, വെളുപ്പിക്കുക), ക്രിയാവിശേഷണം (വെളുവെളെ- അധികം വെള്ളയായി), നാമവിശേഷണം (വെളുത്ത/വെള്ള/വെൺ(ശ്)) എന്നിങ്ങനെ ഭിന്ന പദ വർഗങ്ങൾ മലയാളത്തിലുണ്ട്. മലയാളത്തിലെ പദരൂപീകരണ പ്രക്രിയകളൊക്കെ ഈ ധാതുവടിസ്ഥാനമാക്കിയുള്ള പദങ്ങളിൽ കാണാം. പ്രത്യയം ചേർത്തുള്ള രൂപങ്ങളും (വെളുമ്പൻ, വെളുമ്പി) സമസ്തപദങ്ങളും, ദ്വിഗുണീകൃതരൂപങ്ങളും (വെളുവെളുപ്പ്, വെളുവെളെ) കാണുന്നു. വെളുപ്പ് ശുദ്ധം, സത്യം എന്നിങ്ങനെയുള്ള ഗുണാർത്ഥവും സാമൂഹ്യാർത്ഥവും കൈവരിച്ചു പ്രത്യയശാസ്ത്ര ധർമം നിർവഹിക്കുന്നു. ശുദ്ധിയുടെ, സത്യത്തിന്റെ നിറമായി വെളുപ്പിനെ സമൂഹമനസ്സിൽ ഉറപ്പിച്ചിട്ടുണ്ട്.

**നിറം - ചുവപ്പ് /ചെമപ്പ്**

1 സചേതന വസ്തുക്കൾ

1.1 .ക. സസ്യങ്ങൾ

ചെന്താമര, ചെന്താന്നി, ചെന്തളിർ, ചെന്താർ, ചെന്തെങ്ങ്, ചെമ്പഞ്ഞി-ചെമപ്പ് ചായം എടുക്കുന്നതിനുള്ള ഒരു മാതിരി പഞ്ഞി, ചോരത്തല-കൊടിയുടെ പുതിയ നാമ്പ്, മുന്തിരി വള്ളിയുടെ മുള, ചുമന്നുള്ളി/ചെമന്നുള്ളി. ചെമ്പഴുക്ക (പഴുത്ത അടയ്ക്ക) ചെന്തിന-ചുമന്ന തിന, ചെന്തുമ്പ, ചെന്നെല്ല്, ചെഞ്ചാലി

1.2 .ഖ, ജന്തുക്കൾ

ചുവല പശു, ചെമ്പരുന്ന്, ചെമ്പല്ലി, ചെമ്പോത്ത്, ചെമ്മീൻ

2. അചേതന വസ്തുക്കൾ

2.1 ക. പ്രകൃതി വസ്തുക്കൾ

ചുവന്നകല്ല്, ചെങ്കല്ല്, ചെമ്മണ്ണ്

2.1 ഖ . പ്രകൃതി പ്രതിഭാസങ്ങൾ

ഉദയാസ്തമയം

3. ശരീരഭാഗം

ചോര, ചെഞ്ചോര-ചുവന്ന രക്തം, ചെന്താരടി-ചുവന്ന പുഷ്പം പോലുള്ള കാലടി



ചെഞ്ചുണ്ട്,

4 .രോഗം

ചെങ്കണ്ണ്, ചുവപ്പ് -ഓടു പാന് എന്നരോഗം, ചോരക്കരപ്പൻ, ചോരക്കുരു

5. വൈകാരികാവസ്ഥകൾ/ഗുണസൂചകം

സന്തോഷം, ലജ്ജ, കോപം, ആവേശം, പ്രേമം എന്നിവയൊക്കെ ചുവന്നു തുടുക്കുന്ന ഭാവങ്ങൾ പ്രകാശിപ്പിക്കുന്നു

6 സൗന്ദര്യബോധം

ചെന്താമരാക്ഷ-ചെന്താമരപ്പൂപോലെ കണ്ണുള്ള, തൊണ്ടിപ്പഴം പോലെയുള്ള ചുണ്ട്

7 വർഗ്ഗബോധം

ചുവപ്പുനിറം-ഇടതുപക്ഷ പ്രത്യയശാസ്ത്രവുമായി ചേർന്നുനിൽക്കുന്നു

8 ഹൈന്ദവമതം

ദേവതാസങ്കൽപ്പവുമായി അടുത്തബന്ധം, ദേവിക്ക്- തെറ്റിപ്പൂവ്, ചെമ്പട്ട്

9. യുദ്ധം/സമാധാനം

യുദ്ധഭൂമിയെ വിശേഷിപ്പിക്കുന്നു

10 ആഹാരവസ്തുക്കൾ

കേടുവരാത്ത മാംസത്തെ സൂചിപ്പിക്കുന്നു

ചെം/ചെമ്പ/ചുവന്ന/ചെമന്ന,ചോപ്പ്/ചോര എന്നിങ്ങനെയുള്ള വിശേഷണങ്ങൾ പൂർവപദമായി ചുവപ്പിനെ സൂചിപ്പിക്കുന്നു. അപായസൂചനയ്ക്കും ചുവപ്പ്നിറം തന്നെയാണ് മലയാളത്തിലും ഉപയോഗിക്കുന്നത്

**നിറം-മഞ്ഞ**

1. സചേതന വസ്തുക്കൾ

1.1 .ക. സസ്യങ്ങൾ

മഞ്ഞൾ, മഞ്ഞക്കടമ്പ്, മഞ്ഞകസ്തൂരി (ആനകസ്തൂരി), മഞ്ഞക്കുറിഞ്ഞി, മഞ്ഞക്കൂവ, മഞ്ഞക്കോര (ഒരുതരം പുല്ല്), മഞ്ഞച്ചെമ്പരത്തി, മഞ്ഞത്തൊട്ടി, മഞ്ഞപ്പീരം (ഒരു തരം വള്ളി), മഞ്ഞപ്പൂമരം, മഞ്ഞപ്പൊടി, കസ്തൂരിമഞ്ഞൾ, കാട്ടുമഞ്ഞൾ (ഔഷധി), കുപ്പമഞ്ഞൾ (പച്ചമരുന്ന്), നറുമഞ്ഞൾ (നല്ലകൂവ),

1.2.ഖ, ജന്തുക്കൾ

മഞ്ഞക്കൂരി (മൽസ്യം), മഞ്ഞച്ചേര

2 .അചേതന വസ്തുക്കൾ

2.1 ക.പ്രകൃതി വസ്തുക്കൾ

മഞ്ഞലോഹം (സ്വർണം), പുഷ്യരാഗം

2.1 ഖ . പ്രകൃതി പ്രതിഭാസങ്ങൾ

3.ശരീരഭാഗം

പഴുപ്പ്, മുക്കിള, മൂത്രം, മലം

4. രോഗം

മഞ്ഞക്കാമാല /മഞ്ഞക്കാമില, മഞ്ഞപ്പനി,മഞ്ഞപ്പിത്തം

5 വൈകാരികാവസ്ഥകൾ /ഗുണസൂചകം

പേടി, നാണക്കേട് കൊണ്ട് വിളറി മഞ്ഞളിക്കും

6 സൗന്ദര്യബോധം

സ്വർണത്തിന് മലയാളി നൽകുന്ന പ്രാധാന്യം, കണിക്കൊന്നക്കു വിഷുവുമായുള്ളബന്ധം

7 വർഗബോധം

എസ്.എൻ.ഡി.പി യുടെ ഔദ്യോഗിക നിറം

8 ഹൈന്ദവ മതം

ശ്രീനാരായണ ധർമ പരിപാലനം

9.യുദ്ധം/സമാധാനം

10 ആഹാര വസ്തുക്കൾ

മഞ്ഞൾ

**നിറം-പച്ച**

1 .സചേതന വസ്തുക്കൾ

1.1 .ക. സസ്യങ്ങൾ

പച്ചക്കറി - ആഹാര സസ്യങ്ങൾ, പച്ചതുളസി, പച്ചില, പച്ചില പെരുമാൾ (അങ്ങാടിമരുന്ന്), പച്ചനാഭി (വിഷമുള്ള വേര് ), പച്ചണ്ടി, പച്ചപ്പയറ്, ഇരുനിറപ്പച്ച (ഒരു ഔഷധി), എലിപ്പച്ച, എഴുത്താണിപ്പച്ച, കർപ്പൂരപ്പച്ച,രാമപ്പാൽപച്ച, ദരിദ്രപ്പച്ച (ചെടി) നഞ്ചറപ്പച്ച (ചെടി), നരിപ്പച്ച, നഞ്ചാരപ്പച്ച (വിഷമരുന്ന് )(ചെടി )

1.2 .ഖ , ജന്തുക്കൾ

പച്ചക്കിളി,പച്ചക്കുതിര,പച്ചിളിപ്പാമ്പ്,പച്ചിലപ്പാമ്പ് ,പച്ചോലപ്പാമ്പ്, പാച്ചോത്ത്, പച്ചപ്രാവ്,പച്ചത്തവള, പച്ചപ്പുഴു .

2 .അചേതന വസ്തുക്കൾ

2.1 ക .പ്രകൃതി വസ്തുക്കൾ

പച്ചക്കല്ല് -മരതകം, നാഗപ്പച്ച, ഗരുഡപ്പച്ച (വിഷം ഇറക്കുന്നതിനുള്ള കല്ല്)

6 സൗന്ദര്യബോധം

പച്ചകുത്ത് തൊലിക്കുള്ളിൽ പച്ചനിറം കുത്തിവയ്ക്കുന്നത്,സ്ത്രീകളുടെ കപോലാദികളിൽ കസ്തുരി കുങ്കുമാദികളെക്കൊണ്ട് വിലാസാർത്ഥം മകാരികാദ്യകാരമായി എഴുതുന്ന പത്തിക്കീറ്റ് ,





7 വർഗബോധം

മുസ്ലിംലീഗിന്റെ ഔദ്യോഗികനിറം

10 ആഹാരവസ്തുക്കൾ

പച്ചക്കറി, പച്ചക്കായ, പച്ചടി, പച്ചപ്പയറ്, പച്ചിലനിറമുള്ളി

വിശേഷണമായി പച്ചയ്ക്കു രണ്ടർത്ഥം പ്രയോഗത്തിലുണ്ട്. ഒന്ന് നിറത്തെയും മറ്റേതു ഗുണത്തെയും കുറിക്കുന്നു. ഇവരണ്ടും ചേർന്നും വെവ്വേറെയും കാണാം, പച്ചനിറത്തെ സംബന്ധിക്കുന്നവയെയാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പച്ചക്കറിയിലും പച്ചക്കായിലും നിറവും ഗുണവും ചേർന്നിട്ടുണ്ടെങ്കിലും ഗുണാത്മകമായി പച്ച ഉപയോഗിക്കുന്ന സന്ദർഭങ്ങളും വിരളമല്ല. പച്ചക്കർപ്പൂരം ശുദ്ധിചെയ്ത വെളുത്തകർപ്പൂരമാണ്. ചുടാത്ത കലമാണ് പച്ചക്കലം. കറയില്ലാത്ത ചെമ്പ് പച്ചച്ചെമ്പാണ്. കറികൾ കൂടാതെയുള്ള ചോറ് പച്ചച്ചോറാണ്, സ്പഷ്ടമായ തെറി പച്ചത്തെറിയും വെറും കള്ളം പച്ചനുണയുമാണ്. പച്ച പാലാവ് ഒരു ആഭരണമാണെങ്കിൽ പച്ചപ്പകൽ പട്ടാപകലാണ് പച്ചപ്പല്ലൻ മുറുക്കാത്തവനും പച്ചപ്പിള്ള കൈക്കുഞ്ഞും പച്ചമണ്ണ് പുതുമണ്ണും പച്ചപരമാർത്ഥി ചതി അറിയാത്തവനും ശോഷനുമാണ്. ഉണങ്ങാത്തപുല്ലാണ് പച്ചപ്പുല്ല് എങ്കിൽ പച്ചരി വേവിക്കാത്ത അരിയും പച്ചമത്സ്യം ഉണങ്ങാത്ത, ചീത്തയാകാത്ത, വേവിക്കാത്തതും, പച്ചമാങ്ങ പഴുക്കാത്തതുമാണ്, പച്ചവെള്ളം കാച്ചാത്തവെള്ളമാണ്. പച്ചപ്പൊട്ടാ സസ്യങ്ങൾക്കു ചുമത്തിയിരുന്ന കരമാണ്. പച്ചോടം പുതപ്പാണ്. ചുരുക്കത്തിൽ പച്ചക്കു ഗുണപരമായി സദ്ഗുണങ്ങളും (പച്ചവേഷം), അസംസ്കൃതത്വവും പച്ചനിറവും നൽകിയാണ് മലയാളി സ്വീകരിച്ചിരിക്കുന്നതെന്നു പറയാം.

**നിറം-നീല**

1 .സചേതന വസ്തുക്കൾ

1.1 .ക. സസ്യങ്ങൾ

നീലക്കുറിഞ്ഞി (കരിങ്കുറിഞ്ഞി), നീലകണാ (കരിഞ്ചീരകം), നീലമഞ്ജരി (കരിനൊച്ചി), നീലമല്ലിക (കുവളം)നീലമാഷം (വലിയ ഉഴുന്ന്), നീലമുന്തിരി, നീലവൃക്ഷം (കരിവേങ്ങ),നീലവഴുതിന, നീലത്താമര, നീലാമ്പാല (കറുത്തപാല), നീലക്കടമ്പ്, നീലകശ്ശോന്നി (കറുത്ത), നീലക്കരിമ്പ് നീലക്കൊടുവേലി (കറുത്തകൊടുവേലി), നീലച്ചുണ്ട (കറുത്തചുണ്ട), നീലച്ചേമ്പ് (കറുത്ത കണ്ണൻ ചേമ്പ്), നീലതരു (തേക്ക്), നീലതാലം, നീലധ്വജം (ഈന്തപ്പന), നീലത്താളി (ഔഷധസസ്യം), നീലപത്രം (കറുത്ത ആമ്പൽ), നീലപുഷ്പ അമരി, നീലക്കുറിഞ്ഞി), നീലപുഷ്പ്പി (കായാമ്പു)

1.2 .ഖ, ജന്തുക്കൾ

നീലമക്ഷിക (മണിയനീച്ച), നീലമീലിക(മിന്നാമിനുങ്ങ്), നീലാംഗം (കാട്ടുകാക്ക, കറിഞ്ഞാറൽ പക്ഷി ), നീലാളി (കറുത്തവണ്ട്), നീലീഗു (കറുത്ത പുഴു), നീലച്ഛദൻ (കറുത്തചിറകുള്ള ഗരുഡൻ) നീലകണ്ഠം (മയിൽ)

നീലമൃത്തിക (കറുത്ത മണ്ണ്), നീലരത്നം, നീലാശ്മം, നീലക്കല്ല (ഇന്ദ്ര നീലക്കല്ല്), നീലലോഹം, നീലജം (ഇരുക്ക്, പഞ്ചലോഹം), നീലകം (കാരുപ്പ്, പഞ്ചലോഹം, തുരിശ്)

2.1 ഖ. പ്രകൃതി പ്രതിഭാസങ്ങൾ

നീലമേഘം (കാർമേഘം); നീലാഞ്ജന(സ)(മിന്നൽ), നീലാഭ്രം (കാർമേഘം) നീലക്കാർ (കറുത്ത മേഘം), നീലരാജി (കൂരിരുട്ട്)

3. ശരീരഭാഗം

നീലവേണി (കറുത്ത തലമുടി), നീലക്കണ്ണാൾ (കറുത്തകണ്ണുള്ളവൾ), നീലമിഴി

4. രോഗം

വിഷം തീണ്ടുക, ശരീരത്തിൽ ഓക്സിജന്റെ അളവുകുറയുക

6 സൗന്ദര്യബോധം

നീലവേണി (കറുത്ത തലമുടിയുള്ളവൾ), നീലവാർകുഴലി,

8 ഹൈന്ദവ മതം

നീലകണ്ഠൻ (ശിവൻ), നീലർ (രാക്ഷസന്മാർ), നീലാംബരി (ഭദ്രകാളി), നീലാംബരൻ (ശനി, അസുരൻ), നീലാളിവർണ്ണൻ (വിഷ്ണു, ശ്രീകൃഷ്ണൻ), നീലയെ മലയാളികൾ മുഖ്യമായും കറുപ്പും നീലയും എന്ന രണ്ടുനിറമായാണ് ഉൾക്കൊണ്ടിട്ടുള്ളതെന്നു പദാവലി പരിശോധനയിൽ വ്യക്തമാകുന്നു. നീല വിശേഷണമായി കാണുന്ന വാക്കുകളിൽ അധികവും കറുത്ത നിറത്തെയാണ് സൂചിപ്പിക്കുന്നത്. നീലകണ്ഠൻ കഴുത്തിൽ കറുത്തനിറമുള്ള ശിവനാണ്. കഴുത്തിൽ നീലം, അതായത് കഴുത്തിൽ വിഷമുള്ളവൻ എന്നാണ് പദാർത്ഥം. കറുപ്പും നീലയുമല്ലാത്ത നിറങ്ങളെയും നീലവിശേഷണം സൂചിപ്പിക്കുന്നുണ്ട്. തത്ത, മുള്ളങ്കി, പഞ്ചലോഹം തുടങ്ങിയുള്ളവയ്ക്ക് നീല/കറുപ്പു നിറമല്ലെങ്കിലും പൂർവപദമായി നീല കാണാം. നീലാരുണം അരുണോദയത്തെയാണ് സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ നീലയും കറുപ്പും തമ്മിൽ മലയാളത്തിൽ സങ്കല്പന വ്യത്യാസം ദൃശ്യമാകുന്നുവെന്നത് ബെർലിൻ-കെയ് മാതൃകക്ക് അപവാദമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

മലയാളത്തിലെ നിറസങ്കല്പം അടിസ്ഥാനപരമായി ബന്ധപ്പെട്ടിരിക്കുന്ന ഘടകങ്ങളെ പരിശോധിച്ചറിഞ്ഞത് ചുവടെയുള്ള പട്ടിക വ്യക്തമാക്കുന്നു.

| | കറുപ്പ് | വെളുപ്പ് | ചുവപ്പ് | മഞ്ഞ | പച്ച | നീല |
|---|---|---|---|---|---|---|
| സസ്യങ്ങൾ | + | + | + | + | + | + |
| ജന്തുക്കൾ | + | + | + | + | + | + |
| പ്രകൃതി വസ്തുക്കൾ | + | + | + | + | + | + |
| രോഗം | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
| വൈകാരികാവസ്ഥകൾ /ഗുണസൂചകം | + | + | + | + | - | - |
| സൗന്ദര്യബോധം | + | + | + | + | + | + |
| വർഗബോധം | + | + | + | + | + | - |
| ഹൈന്ദവ മതം | + | + | + | + | - | - |
| യുദ്ധം | - | + | + | - | - | - |
| ആഹാര വസ്തുക്കൾ | - | + | + | + | + | - |

പട്ടിക അനുസരിച്ചു പ്രകൃതി, ശരീരം/വ്യക്തി, സമൂഹം, സംസ്കാരം എന്നീ സംവർഗങ്ങളുമായി ബന്ധപ്പെട്ടാണ് മലയാളിയുടെ നിറബോധം നിലനിൽക്കുന്നതെന്നു വ്യക്തമാകുന്നു. നിറവുമായി ബന്ധപ്പെട്ട സൗന്ദര്യബോധത്തിൽ പുരുഷകേന്ദ്രിത ഭാവന സ്പഷ്ടമാണ്. മലയാളത്തിലെ ഉടലറിവുകളും ഉടൽഭാവനയും നിറങ്ങളുമായി ചേർന്നുനിൽക്കുന്നുണ്ട്. ഉദാഹരണമായി മുടി (കറുത്ത, വെളുത്ത -നരച്ച, ചെമ്പൻ), മീശ/താടി (കറുപ്പ്, വെളുപ്പ്, ചെമ്പൻ) കണ്ണ് (കറുപ്പ്, വെളുപ്പ്). ചുണ്ട് (ചുവപ്പ്, കറുപ്പ്). നാക്ക് (കറുപ്പ്, ചുവപ്പ്) മുഖം (കറുപ്പ്, വെളുപ്പ്, മാനിറം (ഇളം വെളുപ്പ്), മഞ്ഞ, ചുവപ്പ്, വിളറിയ) ശരീരം (കറുപ്പ്-എണ്ണക്കറുപ്പ്, ഇളംകറുപ്പ്, വെളുപ്പ്, മാനിറം, സ്വർണ്ണ മഞ്ഞ) എന്നിങ്ങനെ അടയാളപ്പെടുത്തിയിട്ടുണ്ട്. വൈകാരികാവസ്ഥകളെയും ഗുണത്തെയും നിറവുമായി ബന്ധപ്പെടുത്തുന്നുണ്ട്. മതമായും രാഷ്ട്രീയമായും വിവേചനസൂചകമായും നിറത്തെ മലയാളം ഉൾകൊള്ളുന്നു. നിറത്തെക്കുറിച്ചുള്ള സാമൂഹിക മൂല്യനിർമിതിയിൽ വെളുപ്പിനു കൈവന്ന പ്രാധാന്യം ദ്രാവിഡീയമല്ല. ശുദ്ധതയെ കുറിച്ചുള്ള ബ്രാഹ്മണസങ്കൽപം വർണ്ണബോധത്തിൽ പ്രകടമാണ്. ശരീരബോധത്തിൽ അബ്രാഹ്മണീയ ദ്രാവിഡ വർണ്ണസങ്കല്പത്തിന് ഇളക്കം വന്നിട്ടുണ്ട്. ശുദ്ധാശുദ്ധ വേർതിരിവിനും മാന്യാമാന്യവിവേചനത്തിനും നവോത്ഥാനത്തോടെ കൈവന്ന തകർച്ച വർണ്ണബോധത്തിലും വിള്ളലുണ്ടാക്കിയിട്ടുണ്ട് എന്ന് പൂർണമായും അവകാശപ്പെടാനാവില്ല. ശരീരത്തെകുറിച്ച് മാനസിക തലത്തിൽ മലയാളി നിലനിറുത്തുന്ന നിറബോധം തനതല്ല എന്ന് സമ്മതിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ പുരോഗമന രാഷ്ട്രീയ പ്രബുദ്ധത അവകാശപ്പെടുന്ന മലയാളി നിറബോധത്തിന്റെ ഉടൽ, ലിംഗ രാഷ്ട്രീയം സൂക്ഷ്മമായി ഇനിയും ചർച്ചചെയ്യേണ്ടതുണ്ട്. നിറഭേദങ്ങളുടെ ആഭ്യന്തര വൈവിധ്യം തരം തിരിച്ചറിയുന്നതും കമ്പോളം നിറബോധത്തെ നിയന്ത്രിക്കുന്നതുമൊക്കെ ഇതിന്റെ ഭാഗമാണെങ്കിലും അടിസ്ഥാന നിറപ്രതിനിധാനത്തെ മാത്രമാണിവിടെ ചർച്ചചെയ്തത്

മലയാളത്തിലെ നിറപദാവലി പരിശോധനയിൽ ആറ് അടിസ്ഥാന നിറങ്ങളുണ്ടെന്നതാണ് തെളിഞ്ഞ ചിത്രം. ഇത് ബെർലിൻ-കെയ് മാതൃക അനുസരിച്ചു അഞ്ചാംഘട്ടത്തെ പ്രതിനിധീകരിക്കുന്നു. എങ്കിലും ഈ മാതൃ

കയിൽ നിന്നും വ്യത്യസ്തമായി കറുപ്പും നീലയും തമ്മിലുള്ള സന്നിഗ്ദ്ധത നിലനിൽക്കുന്നുവെന്നത് ആ മാതൃകയെ വെല്ലുവിളിക്കുന്ന തെളിവാണ്. നിറസങ്കല്പനങ്ങളുടെ പരിണാമം അടിസ്ഥാനമാക്കിയ മാതൃകയിൽ മഞ്ഞ/പച്ച സന്നിഗ്ദ്ധത മൂന്നാംഘട്ടത്തിൽ തെളിയുന്നുണ്ടെങ്കിലും ഒരു ഘട്ടത്തിലും കറുപ്പ് നീല സന്നിഗ്ദ്ധത പരിണാമത്തിൽ ഉണ്ടായതായി മാതൃക അടയാളപ്പെടുത്തുന്നില്ല. മലയാളം അവരുടെ മാതൃകക്ക് വിരുദ്ധമായി അഞ്ചാംഘട്ടത്തിൽ രണ്ടു ഉപഘട്ടങ്ങൾ സൂചിപ്പിക്കുന്നു. അതായത് വെളുപ്പ്, കറുപ്പ്-നീല, ചുവപ്പ്, മഞ്ഞ, പച്ച ചേർന്ന ഘടനയും വെളുപ്പ്, കറുപ്പ് ,ചുവപ്പ്, മഞ്ഞ, പച്ച, നീല ചേർന്ന ഘടനയും. ഇതിൽ മലയാളം ഘടനയെ തുടക്കത്തിൽ പ്രതിനിധീകരിച്ചിരുന്നുവെന്നും ക്രമേണ ഘടനയിലേക്ക് പരിണമിച്ചുവെന്നും വാദിക്കാവുന്നതാണ്. ഘടന ഘട്ടത്തിലെ സന്നിഗ്ദ്ധതയുടെ ശേഷിപ്പുകളാണ് നീലയുടെ കറുപ്പ് സൂചനകൾ.

നിറബോധത്തിന്റെ അടിസ്ഥാന നിറങ്ങളുമായുള്ള ബന്ധമാണിവിടെ പരിശോധിച്ചത്. ഈ ഓരോനിറത്തിനും ആന്തരികമായ നിറഭേദം അടയാളപ്പെടുത്താൻ പ്രകൃതിബോധമാണ് മലയാളി ഉപയോഗിക്കുന്നത്. സദൃശ്യതയാണ് മുഖ്യമാനദണ്ഡം. കടുംപച്ച, ഇളംപച്ച, തത്തപ്പച്ച, കിളിപ്പച്ച, ചാണകപ്പച്ച എന്നിങ്ങനെ പലതരം പച്ച നിറഭേദങ്ങൾ മലയാളം പ്രതിനിധീകരിക്കുന്നുണ്ട്. ഓരോ നിറത്തിനും ഇതേപോലെ വ്യത്യസ്ത ഭേദങ്ങളുണ്ട്. ഈ പഠനം അത്തരം ദ്വിതീയ നിറപദാവലിയെ ആശ്രയിക്കുന്നില്ല. അതുപോലെ നിറങ്ങളുടെ ചിഹ്നവിജ്ഞാനീയത്തെയും ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന പദാവലിയെ ആശ്രയിച്ചു മലയാള ഭാഷാസന്ദർഭത്തിൽ സാർവഭാഷികമാതൃകയെ മൂല്യ പരിശോധന നടത്തുകയും അതോടൊപ്പം നിറബോധത്തിന്റെ ഭാഷാത്മകത തെളിയിച്ചെടുക്കാനുമാണ് ഈ പഠനം ശ്രമിച്ചത്. മലയാളിയുടെ നിറബോധത്തിന്റെ അടിസ്ഥാനം പാരിസ്ഥിതികമായ കണ്ടറിവിന്റെ ദൃശ്യാനുഭവം നിറങ്ങളാ ഇന്ദ്രിയാനുഭവമാണ്. വൈയക്തികമായ ഇന്ദ്രിയാനുഭവം ഭാഷയിലൂടെ സാമൂഹികാനുഭവമായി മാറി. പാരിസ്ഥിതികാനുഭവം ഉടലറിവിലേക്കും ഉടലനുഭവങ്ങളിലേക്കും വ്യാപിപ്പിച്ചു. സാമൂഹികമായ വിവേചനത്തിനാധാരമാക്കി ഒപ്പം സൗന്ദര്യ ബോധത്തിനാധാരവുമായി. ലിംഗാധിഷ്ഠിതമായ ലാവണ്യബോധം സൃഷ്ടിച്ചെടുക്കാനും പുരുഷന്റെ കാഴ്ചവസ്തുവായി സ്ത്രീയുടെ ഉടൽ നിറക്കൂട്ടുകൾ നിർമിച്ചെടുക്കാനും സാമൂഹികമായി ഉടൽവർണ്ണബോധം നിലനിറുത്താനും ഭാഷയിലൂടെ സാധ്യമായി എന്നത് ഈ പഠനം വെളിപ്പെടുത്തുന്നു.

## ഗ്രന്ഥസൂചി


Berlin, B. and P. Kay 1969. Basic Color Terms: Their Universality and Evolution. Berkeley: University of California Press.

Berlin, B., P. Kay, and W.R. Merrifield 1985. Color term evolution: Recent evidence from the World Color Survey. Paper presented at the 84th Annual Meeting of the American Anthropological Association, Washington, D.C.

Boster, J.S. 1986. Can individuals recapitulate the evolutionary development of





color lexicons? Ethnology 25(1): 61-74

Casson, R.W. and P.M. Gardner 1992. On brightness and color categories: Additional data. Current Anthropology 33(4): 395-399

Corbett, G. and I. Davies 1997. Establishing basic color terms: Measures and techniques. In C.L. Hardin and L. Maffi (eds.) Color Categories in Thought and Language. Cambridge: Cambridge University Press.

Fenton, Mark 1997. Psychological approaches to the investigation of colour Meaning and rebresentation. Spectrum (The Journal of the Colour Society of Australia) 11: 4-9.

Hardin, C.L. 1988. Color for Philosophers: Unweaving the Rainbow. Indianapolis: Hackett Publishing Company.

Hardin, C.L. and L. Maffi (eds.) 1997. Color Categories in Thought and Language. Cambridge: Cambridge University Press.

Heider [Rosch], E. 1972a. Universals in color naming and memory. Journal of Experimental Psychology 93(1): 10-20.

Hickerson, N. 1971. Review of Basic Color Terms: Their Universality and Evolution, by B. Berlin and P. Kay. International Journal of American Linguistics 37: 257-270.

Kay, P. 1975. Synchronic variability and diachronic change in basic color terms. Language in Society 4: 257-270.

Kay, P. and C.K. McDaniel 1978. The linguistic significance of the meanings of basic color terms. Language 54(3): 610-646.

Kay, P., B. Berlin, and W.R. Merrifield 1991. Biocultural implications of systems of color naming. Journal of Linguistic Anthropology 1(1): 12-25.

Kay. P., B. Berlin, W.R. Merrifield, and L. Maffi 1997. Color naming across languages. In In C.L. Hardin and L. Maffi (eds.) Color Categories in Thought and Language. Cambridge: Cambridge University Press.

MacLaury, R.E. 1997. Color and Cognition in Mesoamerican Languages: Constructing Categories as Vantages. Austin: University of Texas Press.

Matsuzawa, T. 1985. Colour naming and classification in a chimpanzee (Pan troglodytes). Journal of Human Evolution 14: 283-291.

Miller, D. 1997. Beyond the Elements: Investigations of Hue. In C.L. Hardin and L. Maffi (eds.) Color Categories in Thought and Language. Cambridge: Cambridge University Press.

Sivik, L. 1997. Color systems for cognitive research. In C.L. Hardin and L. Maffi (eds.) Color Categories in Thought and Language. Cambridge: Cambridge University Press.